KERALA SCHOOL KALOLSAVAM 2016-17

KANNUR - 2017 JANUARY 16-22

KERALA SCHOOL KALOLSAVAM 2017 PROGRAMME COMMITTEE

Code No. 107

കഥാരചന - മലയാളം.

വിഷയം :- ഒരു മിസ്സ്ഡ് കോളിന്റെ ദൂരം.

~~എന്തോക്കെ?~~ ഒരു മിസ്ഡ്കോളടിച്ചാൽ പോരായിരുന്നോ?

"രവ്യേ, ടാ.... ന്റെ ദേവ്യേ! ഈ ചെക്കൻ! ടാ, കുരുത്തംകെട്ടോനേ... അവന്റൊരൊറക്കം! ടാ പൊട്ടാ! ങ്ങനെ പോത്ത്പോലെ കെടന്നൊറങ്ങാണ്ടെ ഒന്ന് എണീക്ക്ന്റെ ചെക്കാ!"

"മ്മാ... എന്തൂട്ടാമ്മേ! ഒറങ്ങട്ടേന്ന്!"

"അങ്ങനൊറങ്ങണ്ടിപ്പോ! ആ ദാണ്ടെ! ബെല്ലടിക്കണ്ട് ആ നശിച്ച സാനം! നിനക്കൊറങ്ങണെങ്കി ആ കുന്ത്രാണ്ടൊന്ന് ഓഫാക്കി വെച്ചൂ! ചെവിതല കേപ്പിക്കാണ്ടെ ദാ കിലുകിലുന്നനെ ചെലച്ചോണ്ടിരിക്കും! നൊണ പറയല്ലാട്ടാ! എന്നെങ്കിലൊരൂസം ആ കുന്ത്രാണ്ടം ഞാൻ്ടത്ത് തോട്ടിക്കളേം! പറഞ്ഞേക്ക

"ആ.. മതി.. നിർത്തിക്കോ ഉപദേശക്ലാസ്സ്! ഞാൻ ദാ എണീറ്റു! പിന്നമ്മേ, ഫോണില് തൊട്ട്ള്ള കളി വേണ്ടാട്ടാ!"

"ഉവ്വുവ്വേയ്... മോൻ പോയതെടുക്കോന്ന്! ഹൗ! സമാധാനില്ല്യല്ലോ എന്റെ ഈശ്വരാ! ഹായ്! നിന്നൂലോ മണിയടി! മിസ്ഡ്കോളടിക്കണ്! നിന്റെയല്ലേ കൂട്ടങ്ങ കണ്ണികള്!"

Scanned by CamScanner

KERALA SCHOOL KALOLSAVAM-2017
107
PROGRAMME COMMITTEE

"അമ്മേ! വേണ്ടാട്ടാ!"

രവി മൊബൈലെടുത്തു കോൾ ലോഗ് നോക്കി.. ആ 'സന്തോഷാ'ണ്! പിശുക്കൻ! എപ്പ നോക്ക്യാലും മിസ്ഡ്കോളന്നെ! ആ വീടിന് മുന്നിലുള്ള ബെൻസ് എന്തു കാണിക്കാനാണാവോ?

"അല്ലടാ, നെനക്ക് കോളേജില്ലേ?"

"ഇണ്ട്.. പോണോന്നാലോചിക്ക്യാ!"

"അയ്യടാ! മോൻ ചെല്ലട്ടാ!"

ബൈക്കുമെടുത്ത് കുതിച്ചുപായുന്നതിനിടയ്ക്ക് രവി അമ്മയെപ്പറ്റി ആലോചിക്കാതിരുന്നില്ല. അച്ഛന്റെ മരണത്തിനുശേഷം ഒരു കുടുംബത്തിന്റെ ഭാരം തലയിലേറ്റിയ തന്റെ പഞ്ചപാവം അമ്മ.. രവിക്കോർമ്മയുണ്ട്, അച്ഛൻ ജീവിച്ചിരിക്കുമ്പോൾ ശബ്ദം താഴ്ത്തിപ്പോലും ഒന്നു സംസാരിച്ചിട്ടില്ലാത്ത അമ്മ, എല്ലാദിവസവും തന്നെ ശകാരിക്കുന്നു... വേവലാതിയാവും, പാവത്തിന്.. മക്കൾ നല്ലവരായിത്തീരണമെന്ന് ആഗ്രഹിക്കാത്ത മാതാപിതാക്കളുണ്ടോ? ഇടയ്ക്കൊക്കെ, "ഈ അമ്മയ്ക്കെന്തിന്റെ കേടാ?" ന്ന് വിചാരിക്കുമെങ്കിലും ഉള്ളിന്റെയുള്ളിൽ അമ്മ എന്നും ഉണ്ടായിരുന്നു. ഒരിക്കൽ, രവിയുടെ കൂട്ടുകാരുടെ 'മിസ്ഡ്കോൾ' പിശുക്കിനെപ്പറ്റി സംസാരിച്ചുകൊണ്ടിരുന്നപ്പോൾ തമാശയ്ക്കാണെങ്കിലും രവി ചോദിച്ചു:-

"ഓ.. അങ്ങനിപ്പോ അമ്മ ന്റെ ഫ്രണ്ട്സിനെ കുറ്റോന്നും പറേണ്ട.. അച്ഛനുണ്ടാര്ന്നപ്പോ എന്നും അമ്മ മിസ്ഡ്കോളടിച്ച് ശല്യപ്പെടുത്തീർന്നില്ലേ? ഇപ്പോ ന്നേം പാറൂട്ടിന്യേം ഒക്കെ അമ്മ ഇങ്ങന്യന്നല്ലേ ശല്യപ്പെടുത്തണേ?'

Scanned by CamScanner

107
KERALA SCHOOL KALOLSAVAM-2017
PROGRAMME COMMITTEE

അമ്മ മൗനം അവലംബിച്ചു..

പെട്ടെന്നു തോന്നിയ ഉശിരിന് രവിയും തട്ടിവിട്ടു:

"എന്ത്യേ? മിണ്ടാത്തെ? ശര്യല്ലേ? പൈസേല്ലാഞ്ഞിട്ടാ? നിക്കിപ്പോ കുറ്റോക്കെ ന്റെ ഫ്രണ്ട്സിന്!"

അമ്മ ഒരു നെടുവീർപ്പയച്ചു..

"അയ്യടാ... അങ്ങനെ പഴേ സിനിമേലെ നായിക്യാ- വാൻ നോക്കാണ്ട് മറുപടി പറേഞ്ഞെങ്കി പറ!"

"ഞാൻ... നിങ്ങക്ക് ശല്യാ?"

ആ സ്വരത്തിലെ ഇടർച്ച, എന്തോ, അയാളന്ന് ശ്രദ്ധിച്ചില്ല...

"അല്ലാണ്ട്? ഫ്രണ്ട്സിനോട് കത്തിവെക്കുമ്പഴായിരിക്കും അമ്മേടൊരു മിസ്ഡ്കോള്.. കളിയാക്കലുകളും കുത്തലും ചൊറീം ഒക്കെ ഫ്രണ്ട്സിന്റേന്ന് മിണ്ടാതെ വാങ്ങിട്ട് വീട്ടി വരുമ്പഴാവും, "അമ്മേന്റെ മോനേ.. നെനക്കൊന്നൂല്യല്ലോ? മറുപടി പറയാണ്ടായപ്പൊ ഞാൻ പേടിച്ചു" ന്നൊക്കെള്ള അമ്മേടെ കണ്ണീർ നാടകം.. ഇതപ്പൊ ശല്യല്ലാണ്ടെന്നുട്ടാ?"

അമ്മ ഒന്നു നോക്കി... ഒന്നു നോക്ക്യുള്ളൂ...

പിന്നെ ഒരു ചെറിയ കണ്ണീർത്തുള്ളി ആ കണ്ണുകളിൽ- നിന്ന് യാത്രയാരംഭിച്ചു. ആ കണ്ണീർത്തുള്ളി ഒരു ശരമായി വന്ന്, തന്റെ ഹൃദയം തുരന്ന്, മനസ്സാക്ഷിയെ കുത്തി രണ്ടു തുള്ളി രക്തമൊഴുക്കി.

"ഇനി ഞാൻ വിളിച്ച് ശല്യപ്പെടുത്തണില്ലാട്ടോ.. മക്കള് സമാധാനായിട്ട് ജീവിച്ചോളൂ.."

ഈ വാക്കുകൾ തന്റെ ഉള്ളിലുള്ള ഈഗോയെ

Scanned by CamScanner

KERALA SCHOOL KALOLSAVAM-2017
PROGRAMME COMMITTEE

ഉയർന്നെഴുന്നേൽപ്പിച്ചപ്പോൾ, ഒരു
"ഓ.. ശരി.. സമാധാനം!" എന്ന മറുപടി
ഞാനാ സംഭാഷണം അവസാനിപ്പിച്ചു..

രവിയുടെ ബൈക്ക് കോളേജിലെത്തി..
ചുരിദാറിലും ജീൻസിലും ഒതുങ്ങിക്കൂടിയ സുന്ദരിമണി-
കളെ കണ്ണുകൊണ്ട് ഉഴിഞ്ഞ് അയാൾ സ്റ്റൈലിൽ
വണ്ടിയൊന്ന് വെട്ടിച്ച് തിരിച്ച്, തന്റേതായ, ആ
മാസ്മരിക "കോളേജ്' ലോകത്തിലേക്ക് യാത്രയായി..
അപ്പോൾ അയാൾ ചവറ്റുകൂട്ടയിലെറിഞ്ഞ അമ്മ
എന്ന കേവലം ഒരു 'ഓർമ്മ', ഇളയമകളെ കോളേ-
ജിലയയ്ക്കാനുള്ള തത്രപ്പാടിലായിരുന്നു..
"അമ്മ ഇനി മിസ്ഡ്കോളടിക്കരുത്.. വേണെങ്കി
ഞാനൊരു നൂറു രൂപയ്ക്ക് റീചാർജ്ജ്"..
"വേണ്ട മോളേ.. പൈസേല്ല്യാഞ്ഞിട്ടല്ല.. ന്നാലും...
ഇല്ല്യ! ഇനി മിസ്ഡ് കോളടിക്കില്ല്യ.."
കുറേനേരം, ഷർട്ടും ജീൻസും ധരിച്ച് നടന്നകലുന്ന
തന്റെ മകളെ നോക്കിനിന്നതിനുശേഷം, അമ്മ
തന്റെ ഓഫീസിലേക്കായി യാത്രയാവാൻ തുടങ്ങി..
പിന്നെ, എന്തോ ഒരു ഉൾപ്രേരണയാൽ അവർ
തന്റെ മൊബൈലെടുത്ത് ഏതോ ഒരു നമ്പറിലേക്ക്
വിളിച്ചു..

രവി കൂട്ടുകാരോട് വീണ്ടും കത്തിവെച്ചോണ്ടിരിക്കുമ്പോഴായി-
രുന്നു ആ മിസ്ഡ്കോൾ..
"ഓ.. ഈ അമ്മേക്കൊണ്ട് തോറ്റു!"
"ന്താടാ? മമ്മ്യാ? പുള്ളിക്കാരിക്കെന്തേ, മിസ്ഡ്കോളിനോ-
ടിത്ര പ്രേമം?" എന്ന് എരിതീയിൽ എണ്ണയൊഴിക്കാ-

Scanned by CamScanner

KERALA SCHOOL KALOLSAVAM-2017
PROGRAMME COMMITTEE

നായി ചോദിച്ച ചോദ്യത്തിന്,

"ആ... ഐ ഡോൺട് നോ.." എന്ന്, പല്ലിറുമ്മിക്കൊണ്ട് രവി മറുപടികൊടുത്തു..

* "മനുഷ്യനെ നാണം കെടുത്താനൊരമ്മ! നാട്ടുന്റെ ഫ്രണ്ട്സിനെ കുറ്റോം പറയും.. ഇന്ന് ചോദിച്ചിട്ടുതന്നെ കാര്യം..." എന്ന് രവി മനസ്സിലും മുറുമുറുത്തു

* "കോളേജിൽവച്ച് മിസ്ഡ് കോൾ കിട്ടിയ പാറു എന്ന പാർവ്വതിയുടേയും അവസ്ഥ വ്യത്യസ്തമായിരുന്നില്ല.. പക്വത തീരെ കൈവരിച്ചിട്ടില്ലാത്ത അവൾ മുറുമുറുത്തതാകട്ടെ, ഇങ്ങനെയായിരുന്നു..

"തൈക്കിളവിക്കിതെന്തിന്റെ പ്രാന്താണാവോ?..

വന്നപാടെ, ബാഗും വലിച്ചെറിഞ്ഞ്, രണ്ടുപേരും കയറിച്ചെന്നത് അമ്മയുടെ മുറിയിലേക്കായിരുന്നു.. നിശ്ചയദാർഢ്യം തുളുമ്പുന്ന മുഖത്തെ അധരങ്ങൾ മന്ത്രിച്ചു.. "ക്ഷമിക്കണം.. ചെറിയൊരു നെഞ്ചുവേദന.. ഇനി ബുദ്ധിമുട്ടിക്കില്ല.."

"ഓ.. വല്ല ഗ്യാസും മറ്റ്വായിരിക്കും" എന്ന് നിസ്സാരവത്കരിച്ച് രണ്ടുപേരും അന്ന് അമ്മയോട് ക്ഷമിക്കാൻ തിരുമാനിച്ചു. ~~അമ്മ മനസ്സിലാക്കാ കാര്യവും.~~

പിറ്റേദിവസം ഇരുവരും ആഹ്ലാദത്തിലായിരുന്നു.. ~~അമ്മയ്ക്ക് വിശ്രമമായല്ലോ~~, ~~മക്കൾക്ക്~~ മിസ്ഡ്കോൾ ലഭിക്കാതിരുന്നതിന്റെ.. ..

പിന്നീട്, അയൽക്കാരൻ ശങ്കരൻചേട്ടന്റെ മാന്യമായ് 'ഒറിജിനൽ' കോൾ കേട്ട് നടുങ്ങി, വീട്ടിലെത്തിയപ്പോൾ, അന്നേവരെയില്ലാത്ത ചൈതന്യത്തോടുകൂടി

KERALA SCHOOL KALOLSAVAM 2017
PROGRAMME COMMITTEE

വെള്ള പുതച്ച് അമ്മ കിടക്കുന്നുണ്ടായിരുന്നു

അപ്പോൾ തന്റെ കണ്ണിൽനിന്നും ഇറ്റുവീണ രണ്ടു തുള്ളി ജലത്തിന് ആത്മാർത്ഥതയുണ്ടായിരുന്നോ എന്ന് രവി തന്നെ ആശങ്കപ്പെട്ടു..

" ഹാർട്ടറ്റാക്കാ.. ഫോണില് പൈസേല്ല്യാ.. ഒരു മിസ്ഡ് കോൾ അടിക്ക്യായിരുന്നു അമ്മയ്ക്ക്.. എങ്കിൽ.. ജീവൻ..."

ഇതുവരെയുണ്ടായിരുന്ന എല്ലാ വികാരങ്ങളുടെയും സമ്മിശ്രഭാവമായ പൊട്ടിക്കരച്ചിലിൽ അവസാനിക്കേണ്ടിയിരുന്നു ~~[illegible]~~ എല്ലാം.. പക്ഷേ അങ്ങനെ അവസാനിച്ചില്ല..

" അമ്മ നിരന്തരമായി ആരെയോ വിളിച്ചിരുന്നു മോനേ.. പോലീസ്കാരൻ കുട്ടൻചേട്ടനാ പറഞ്ഞേ.."

"അമ്മയോ?" "ഞങ്ങളുടെ അമ്മയോ?"

പിന്നെ, ഓടിപ്പിടഞ്ഞ്, ഫോൺ തപ്പിയെടുക്കുമ്പോഴും കണ്ണുകൾ നിറഞ്ഞിരുന്നു..

'6161131110'

" ഇതെന്തു നമ്പർ?"

ഒന്നു വിളിച്ചുനോക്കിയപ്പോൾ " ഈ നമ്പർ നിലവിലില്ല" എന്ന പ്രതികരണമായിരുന്നു..

പക്ഷേ, അമ്മയുടെ ഫോണിൽ മണിക്കൂറുകളോളം സംസാരിച്ചതിന്റെ തെളിവുകൾ..

കലുഷമായ മനസ്സിനെ ശാന്തമാക്കി, ഒന്നു ചിന്തിച്ചപ്പോൾ പാർവ്വതിയുടെ ഓർമ്മയിൽ ഒരു തെളിച്ചം..

" ഏട്ടാ.. ഇത്.. ഇത് നമ്മുടെ പണ്ടത്തെ...

ചേർത്തെഴുതിയാൽ 'ദൈവം' എന്നു വരുന്ന,

Scanned by CamScanner

KERALA SCHOOL KALOLSAVAM-2017
107
PROGRAMME COMMITTEE

നമ്മുടെ പഴയ, ദൈവത്തിന്റെ നമ്പർ..."

"ദൈവത്തിന്റെ നമ്പർ..."

"ദൈവത്തിന്റെ ... ന.. മ്പ..ർ"

എല്ലായിടത്തും അത് മുഴങ്ങിക്കേട്ടു...

അവർക്ക് എല്ലാം മനസ്സിലായി..

തങ്ങളുടെ അമ്മ...

"അമ്മേ" എന്നൊരു പൊട്ടിക്കരച്ചിലോടെ
താഴേക്ക് പതിച്ച അവരുടെ കർണ്ണങ്ങളിൽ അമ്മയുടെ
ശബ്ദം മുഴങ്ങിക്കേട്ടു..

"മോനേ.. കണ്ണടച്ച് ഒന്ന് മിസ്ഡ്കോളടിച്ചാൽ
മതിട്ടോ.. അമ്മ തിരിച്ചുവിളിക്കാം.."

പക്ഷേ, അമ്മേ.. ആ മിസ്ഡ്കോളിലേക്കുള്ള
ദൂരം.. ഒരുപാടാണല്ലോ..